# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3342** **22/08/2017-ന് മറുപടിക്ക്**

**പി.എസ്.സി.മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്താൻ നടപടി**

**ചോദ്യം**
ശ്രീ.യു.ആർ.പ്രദീപ്

**ഉത്തരം**
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. എത്ര തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരമേറ്റ 25.05.2016 മുതൽ 31.07.2017 വരെയുള്ള കാലയളവിൽ ആകെ 527 തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരമേറ്റ 25.05.2016 മുതൽ 31.07.2017 വരെയുള്ള കാലയളവിൽ 1342 റാങ്ക് പട്ടികകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) | വിജ്ഞാപനം പുറപ്പെടുവിച്ച പരമാവധി തസ്തികകളിൽ പരീക്ഷാ നടപടികൾ എത്രയും വേഗത്തിൽ പൂർത്തീകരിച്ച് റാങ്ക് പട്ടിക പ്രസിദ്ധം ചെയ്ത് നിയമന ശിപാർശ നൽകുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ പി.എസ്.സി കൈക്കൊണ്ടു വരുന്നു. ഇതിന്റെ ഭാഗമായി 3000(മൂവായിരം)ൽ അധികം അപേക്ഷകരുള്ള തസ്തികകളിൽ നിലവിൽ OMR പരീക്ഷ നടത്തിവരുന്നു. 3000(മൂവായിരം) - ൽ താഴെ |

| | | | |
|---|---|---|---|
| | | | അപേക്ഷകരുള്ള സൂപ്പർ സ്പെഷ്യാലിറ്റി, ടെക്നിക്കൽ തസ്തികകളിൽ online പരീക്ഷ നടത്തിവരുന്നു. ടി തസ്തികകളിൽ എല്ലാം തന്നെ എത്രയും വേഗത്തിൽ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ online പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതോടു കൂടി കൂടുതൽ തസ്തികകളിലേയ്ക്ക് ഈ രീതി വ്യാപിപ്പിക്കാൻ കഴിയും. ഇതിന്റെ ഭാഗമായി കാസർഗോഡ്, പാലക്കാട്, മലപ്പുറം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ online പരീക്ഷാകേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ തെരഞ്ഞെടുപ്പിനായി പുതിയ ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പി.എസ്.സിയിൽ പുതുതായി അനുവദിച്ച 120 തസ്തികകൾ പ്രയോജനപ്പെടുത്തി പരീക്ഷാവിഭാഗം വിപുലപ്പെടുത്തി അപേക്ഷകളിൽ വേഗത്തിൽ തീർപ്പുകൽപ്പിക്കുവാൻ വേണ്ട പ്രവർത്തനം കൈക്കൊണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**